KANNUR UNIVERSITY
കണ്ണൂർ സർവകലാശാല

(ഡി ഒ എ )

ഡി ഒ എ /A2/2627/UG ADMISSION/2026-27 തീയതി: 21.07.2026

<u>പ്രസിദ്ധീകരണത്തിന്</u>

<u>നാല് വർഷ ബിരുദ - അഞ്ച് വർഷ ഇൻ്റഗ്രേറ്റഡ് ബിരുദാന്തര ബിരുദ പ്രോഗ്രാമുകളിലേക്കുള്ള SC/ST/PwBD വിഭാഗത്തിൽപ്പെട്ട വിദ്യാർത്ഥികൾക്കുള്ള സ്പെഷ്യൽ അലോട്ട്മെൻറ് പ്രസിദ്ധീകരിച്ചു</u>

2026-27 അധ്യയന വർഷത്തിൽ, നാല് വർഷ ബിരുദ - അഞ്ച് വർഷ ഇൻ്റഗ്രേറ്റഡ് ബിരുദാന്തര ബിരുദ പ്രോഗ്രാമുകളിലേക്കുള്ള പ്രവേശനത്തിന്, SC/ST/PwBD വിഭാഗക്കാർക്കുള്ള സ്പെഷ്യൽ അലോട്ട്മെൻ്റ് സർവകലാശാല വെബ്സൈറ്റിൽ (admissions.kannuruniversity.ac.in) പ്രസിദ്ധീകരിച്ചു. പ്രസ്തുത വിഭാഗത്തിൽപ്പെട്ട അപേക്ഷകർക്ക് തങ്ങളുടെ പ്രൊഫൈൽ ലോഗിൻ ചെയ്ത് അലോട്ട്മെൻ്റ് പരിശോധിക്കാവുന്നതാണ്.

സ്പെഷ്യൽ അലോട്ട്മെൻറിൽ ആദ്യമായി അലോട്ട്മെൻറ് ലഭിച്ചവർ, തങ്ങളുടെ പ്രൊഫൈൽ ലോഗിൻ ചെയ്ത് SBI e-pay വഴി അഡ്മിഷൻ ഫീസ് നിർബന്ധമായും അടക്കേണ്ടതാണ്. മറ്റു രീതികളിൽ ഫീസ് അടച്ചാൽ ഒരു കാരണവശാലും പരിഗണിക്കുന്നതല്ല. ഫീസ് അടക്കാത്തവർക്ക്, ലഭിച്ച അലോട്ട്മെൻറ് നഷ്ടമാവുന്നതാണ്. മുൻ അലോട്ട്മെൻ്റുകളിൽ അലോട്ട്മെൻ്റ് ലഭിച്ച് അഡ്മിഷൻ ഫീസ് ഒടുക്കിയവർ വീണ്ടും പ്രസ്തുത ഫീസ് ഒടുക്കേണ്ടതില്ല.

അലോട്ട്മെൻ്റ് ലഭിച്ച വിദ്യാർത്ഥികൾ പ്രവേശനത്തിനായി 23/07/2026-നുള്ളിൽ അതത് കോളേജുകളിൽ ഹാജരാകേണ്ടാതാണ്. ഏതെങ്കിലും കാരണത്താൽ നിശ്ചിത തിയ്യതിയിൽ അഡ്മിഷന് ഹാജരാകാൻ സാധിക്കാത്തവർ, ബന്ധപ്പെട്ട കോളേജ് പ്രിൻസിപ്പാളുമായി/വകുപ്പ് മേധാവിയുമായി ബന്ധപ്പെടേണ്ടതാണ്.

കോളേജുകളിൽ പ്രവേശനം നേടുന്ന എല്ലാ വിദ്യാർത്ഥികൾക്കും APAAR ID നിർബന്ധമായും ഉണ്ടായിരിക്കേണ്ടതാണ്. നിലവിൽ APAAR ID ഇല്ലാത്ത വിദ്യാർത്ഥികൾ www.abc.gov.in എന്ന വെബ്സൈറ്റ് സന്ദർശിച്ച് APAAR ID ജനറേറ്റ് ചെയ്യേണ്ടതാണ്.

അലോട്ട്മെൻറ് മെമ്മൊയോടൊപ്പം താഴെക്കൊടുത്തിരിക്കുന്ന രേഖകളും പ്രവേശന സമയത്ത് അതാത് കോളേജുകളിൽ ഹാജരാക്കേണ്ടതാണ്.

ാൺലൈൻ അപേക്ഷയുടെ പ്രിൻറ് ഔട്ട്

2.രജിസ്ട്രേഷൻ ഫീസ്, അഡ്മിഷൻ ഫീസ് എന്നിവ ഓൺലൈനായി അടച്ച രസീതിൻറെ പ്രിൻറ്

ase(Malayalam) of File DOA/A2/2627/UG ADMISSION/2026-27 (PART-II) Approved by Deputy Registrar (DOA) on 21-Jul-2026 04:43 PM - Page 1

ഔട്ട്

3. യോഗ്യതാ പരീക്ഷയുടെ അസൽ മാർക്ക് ലിസ്റ്റ്

4. ജനനതീയതി തെളിയിക്കുന്നസർട്ടിഫിക്കറ്റ്

5. ട്രാൻസ്ഫർ സർട്ടിഫിക്കറ്റ്

6. കോഴ്സ് & കോണ്ടക്ട് സർട്ടിഫിക്കറ്റ്

7. അസ്സൽ കമ്മ്യൂണിറ്റി/Caste സർട്ടിഫിക്കറ്റ് (SC/ST വിഭാഗങ്ങൾക്ക്)

8. ഭിന്നശേഷി തെളിയിക്കുന്നതിനുള്ള സർട്ടിഫിക്കറ്റ് (PwBD വിഭാഗക്കാർക്ക്)

9. ഗ്രേസ് മാർക്ക് ലഭിക്കുന്നതിനാവശ്യമായ അസ്സൽ സർട്ടിഫിക്കറ്റ്

10. HSE,VHSE,THSE,CBSE,CISCE,NIOS,കേരള പ്ലസ് ടു തുല്യത പരീക്ഷ എന്നിവ ഒഴികെ മറ്റു ബോർഡുകളിൽ നിന്നും യോഗ്യത പരീക്ഷ പാസായവർ, കണ്ണൂർ സർവകലാശാലയുടെ Recognition Certificate ഹാജരാക്കേണ്ടതാണ്

11. നേറ്റിവിറ്റി തെളിയിക്കുന്നതിനാവശ്യമായ ഏതെങ്കിലും രേഖ

12. അപേക്ഷയിൽ കൊടുത്തിരിക്കുന്ന മറ്റ് ആനുകൂല്യങ്ങൾ തെളിയിക്കുന്നതിനുള്ള സർട്ടിഫിക്കറ്റ്

കൂടുതൽ വിവരങ്ങൾക്ക് admissions.kannuruniversity.ac.in എന്ന വെബ്സൈറ്റ് സന്ദർശിക്കുക.

സംശയങ്ങൾക്ക് ഫോൺ/ഇ-മെയിൽ മുഖാന്തിരം മാത്രം ബന്ധപ്പെടുക.

ഹെൽപ്പ് ലൈൻ നമ്പർ - 0497 2766388, 0497 2715227
E-mail id: ugdoa@kannuruniv.ac.in

Deputy Registrar (DOA)
രജിസ്ട്രാർക്ക് വേണ്ടി

സ്വീകർത്താവ്:

1. PRO
2. Web Manager
3. I T Cell
4. Enquiry

വിതരണാനുമതിയോടെ

സെക്ഷൻ ഓഫീസർ

Release(Malayalam) of File DOA/A2/2627/UG ADMISSION/2026-27 (PART-II) Approved by Deputy Registrar (DOA) on 21-Jul-2026 04:43 PM - Page 2